2. ആവണൂർ പഞ്ചായത്തിൽ പെട്ട വെള്ളപ്പായ റോഡ് നന്നാക്കൽ.

3. കരിയന്നൂർ പഞ്ചായത്തിൽ പെട്ട മുണ്ടൂരാങ്കുഴി ചിറയിലെ പാലത്തിന്റെ കേടുപാടുകൾ തീക്കൽ.

ഇവ ഏറ്റവും അടിയന്തിരമായി നടത്തേണ്ടതായിരുന്നതിനാൽ ഡിപ്പാർട്ടുമെണ്ടിലായി നടത്തി.

മിസ്റ്റർ കുപ്പിണ്ണാട്ട് ശങ്കരൻ നമ്പൂതിരി.—അടിയന്തിരമായിട്ടുള്ള പണികൾ പഞ്ചായത്തുകാരെക്കൊണ്ട് ചെയ്യിക്കുന്നതിന് വല്ല പ്രതിബന്ധവും ഉണ്ടോ?

മിസ്റ്റർ ഐ. രാമമേനോൻ.—യാതൊരു പ്രതിബന്ധവും ഇല്ല. തല്ക്കാലത്തേയ്ക്ക് ആ പഞ്ചായത്തുകാരെക്കൊണ്ട് സാധിക്കയില്ലെന്ന് പറഞ്ഞതിനാലാണ് ആ പണി ഡിപ്പാർട്ടുമെണ്ടായിട്ടതന്നെ നടത്തിയത്.

The transfer of Panchayat allotment to the Agricultural Department.

359. മിസ്റ്റർ കുപ്പിണ്ണാട്ട് ശങ്കരൻ നമ്പൂതിരി.—(എ) കഴിഞ്ഞ അഞ്ചു കൊല്ലങ്ങൾക്കിടയിൽ പഞ്ചായത്ത് ഡിപ്പാർട്ടുമെണ്ടിലേക്ക് അനുവദിച്ച സംഖ്യ കൃഷി ഡിപ്പാർട്ടുമെണ്ടിലേക്ക് മാറേണ്ടിവന്നിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഓരോ കൊല്ലവും എത്ര സംഖ്യ മാറീട്ടുണ്ടെന്നും അതിന് കാരണമെന്തൊക്കെയാണെന്നും പറയാമോ?

മിസ്റ്റർ ഐ. രാമമേനോൻ.—(എ) 1097 മുതൽ 1100 വരെ നാലു കൊല്ലങ്ങളിൽ അപ്രകാരം മാറീട്ടുണ്ട്. 1096-ൽ പഞ്ചായത്ത് ഡിപ്പാർട്ടുമെണ്ടും കൃഷി ഡിപ്പാർട്ടുമെണ്ടും രൂപീകരിച്ചായിരുന്നില്ല.

(ബി) കൊല്ലം.	ഉറുപ്പിക.		
1097	2,241	2	9
1098	995	0	0
1099	1,850	0	0
1100	400	0	0

ഈ സംഖ്യകൾ പഞ്ചായത്ത് ഡിപ്പാർട്ടുമെണ്ടിൽ ചിലവുചെയ്യാതെ മിച്ചമായിരുന്നതുകൊണ്ടും, കൃഷി ഡിപ്പാർട്ടുമെണ്ടിൽ ചില പണികൾക്ക് ബഡ്ജറ്റിൽ തുക ഇല്ലാതിരുന്നതിനാലും അങ്ങിനെ മാറിയതാണ്.

മിസ്റ്റർ കുപ്പിണ്ണാട്ട് ശങ്കരൻ നമ്പൂതിരി.—പഞ്ചായത്ത് ഡിപ്പാർട്ടുമെണ്ടിലേയ്ക്ക് ഏതു ഇനത്തിൽ അനുവദിച്ച തുകയാണ് കൃഷി ഡിപ്പാർട്ടുമെണ്ടിലേയ്ക്ക് മാറിയതെന്ന് പറയാമോ?

മിസ്റ്റർ ഐ. രാമമേനോൻ.—അതിനു പ്രത്യേകം ഒരു ചോദ്യംതന്നെ ചോദിക്കേണ്ടതാണ്.

പ്രസിഡണ്ട്.—ഇപ്പോൾ അതു ഓർമ്മകൊണ്ടു പറയാൻ സാധിക്കയില്ല. അതു റിക്കാർഡുകൾനോക്കി പറയേണ്ട ഒരു കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കപ്പിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.—കൃഷി ഡിപ്പാർട്ടുമേണ്ടിലേയ്ക്ക് ആവശ്യമുണ്ടെന്നുവെച്ച് പഞ്ചായത്തു ഡിപ്പാർട്ടുമേണ്ടിൽ പണം മിച്ചം ആക്കിയതൊ, പഞ്ചായത്തു ഡിപ്പാർട്ടുമേണ്ടിലെ ആവശ്യം കഴിച്ചു മിച്ചം ആയതൊ? ഇതിൽ ഏതു തരത്തിൽ മിച്ചംവന്ന പണമാണ് കൃഷി ഡിപ്പാർട്ടുമേണ്ടിലേയ്ക്ക് മാറ്റിയതെന്ന് വ്യക്തമാകുന്നില്ല.

പ്രസിഡെണ്ട്.—പഞ്ചായത്തു ഡിപ്പാർട്ടുമേണ്ടിലെ പണികൾ നടത്തിയ ശേഷം മിച്ചം വന്നതൊ അതിലെ പണികൾ നടത്താതെ കൃഷി ഡിപ്പാർട്ടുമേണ്ടിലേയ്ക്ക് പണം ആവശ്യമുണ്ടെന്നുവെച്ച് മിച്ചം ആക്കിയതൊ എന്നാണൊ ചോദിക്കുന്നത്. (*Laughter.*)

മിസ്റ്റർ ഐ. രാമമേനോൻ.—ചിലവുചെയ്യാതെ മിച്ചം ഉണ്ടായിരുന്നതുകൊണ്ടാണ് കൃഷി ഡിപ്പാർട്ടുമേണ്ടിലേയ്ക്ക് എടുത്തതെന്ന് മറുപടിയിൽ തന്നെ പറഞ്ഞിട്ടുണ്ടല്ലൊ?

മിസ്റ്റർ കപ്പിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.—ചിലവുചെയ്യാതെ മിച്ചം ആയതുകൊണ്ട് മാറ്റിയതെന്നാണ് മറുപടിയിൽ പറയുന്നത്. ചിലവ് ഉണ്ടായിരുന്നിട്ടും ചിലവുചെയ്യാതെ കൃഷി ഡിപ്പാർട്ടുമേണ്ടിലേയ്ക്ക് ആവശ്യമുണ്ടെന്നുവെച്ച് മിച്ചം ആക്കിയതൊ, ചിലവുചെയ്ത് മിച്ചം ആയതൊ? ഇതിൽമിച്ചം ആയതൊ ആക്കിയതൊ (*Laughter*) എന്നാണ് ഞാൻ ചോദിക്കുന്നതിന്റെ അർത്ഥം.

മിസ്റ്റർ ഐ. രാമമേനോൻ.—ചിലവ് ഉണ്ടായിരുന്നു. എന്നാൽ അതു യും ചെലവാക വേണ്ടിവന്നില്ല. അങ്ങിനെ മിച്ചം ആയതാണ് കൃഷിഡിപ്പാർട്ടുമേണ്ടിലേയ്ക്ക് എടുത്തത്.

പ്രസിഡെണ്ട്.—ഇപ്പോൾ സ്പഷ്ടമായില്ലെ?

മിസ്റ്റർ കപ്പിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.—ഉവ്വ്.

The qualification for a Panchayatdar.

360. Mr. I. E. Ambookan.—Will the Government be pleased to state whether they have come to know the present qualification for a Panchayatdar is too much and whether they propose to reduce the tax qualification now fixed by the same?

Mr. I. Raman Menon.—There have been representations to the Government that the present tax qualification is high, and the matter has been referred to the several Panchayats for an expression of their views. The question of reduction will be considered after the reports called for from them are received.

Improvement to the present system of Panchayat Administration.

361. മിസ്റ്റർ പി. കുഞ്ഞുമുഹമ്മദ്.—സംസ്ഥാനത്തെ ഇപ്പോഴത്തെ പഞ്ചായത്തുകളിലെ എല്ലാഅംഗങ്ങളേയും വിളിച്ചുകൂട്ടി ഒരു മഹായോഗം നടത്തി അവരുടെ അഭിപ്രായം അറിഞ്ഞ് പ്രസ്തുത പ്രസ്ഥാനത്തെ പരിഷ്കരിക്കണമെന്ന് ഗവർമ്മേണ്ടിനോട് ഏതെങ്കിലും പഞ്ചായത്തുകാർ അപേക്ഷിച്ചിട്ടുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly